**ആണവ നാശത്തിനുള്ള അധിക നഷ്ടപരിഹാരം സംബന്ധിച്ച കണ്വെന്ഷന് , 1997 (സി എസ് സി ) അംഗീകാരം നല്കുന്നതിന് വേണ്ട രേഖകള് ഇന്ത്യ സമര്പ്പിച്ചു**

ഫെബ്രുവരി 04, 2016

ആണവ നാശത്തിനുള്ള അധിക നഷ്ടപരിഹാരം സംബന്ധിച്ച കണ്വെന്ഷന് , 1997 (സിഎസ്സി ) അംഗീകാരം നല്കുന്നതിന് വേണ്ട രേഖകള് , ഈ കണ്വെന്ഷന്റെ സംഗ്രഹാലയമായ അന്താരാഷ്ട്ര ആണവോര്ജ ഏജന്സിക്കു (International Atomic Energy Agency (IAEA), വിയന്നയില് വച്ച് ഇന്ത്യ ഇന്ന് സമര്പ്പിച്ചു . അംഗീകാരത്തിനുള്ള രേഖകള് ആണവോര്ജ ഏജന്സിയുടെ നിയുക്ത ഡിറക്ടര് ജനറല് ഷുവാന് കാര്ലോസ് ലെന്റിജോയ്ക്ക് ഇന്ത്യയുടെ സ്ഥാനപതിയും സ്ഥിരംഗവുമായ ശ്രീ രാജീവ് മിശ്ര കൈമാറി . അംഗീകാരത്തിനുള്ള രേഖകള് സമര്പ്പിച്ചു 90 ദിവസങ്ങള്ക്കുള്ളില് ഇന്ത്യയില് കണ്വെന്ഷന് പ്രാബല്യത്തില് വരും അതായത് മെയ് 04,2016 മുതല്. ഇന്ത്യയിലെ ആണവ ബാധ്യതാ നിയമവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങള് അഭിമുഖീകരിക്കുന്നത്തില് അവസാന പടി ആയിരിയ്ക്കും . ആണവ ബാധ്യതാ നിയമത്തെ കുറിച്ചുള്ള വസ്തുതകളും ചോദ്യങ്ങളും ഫെബ്രുവരി 2015 നു നേരത്തെ തന്നെ അറിയിച്ചിരുന്നു , ജൂണില് ഇന്ത്യ ആണവ ഇന്ഷൂറന്സ് പൂളും (India Nuclear Insurance Pool (INIP) ആരംഭിച്ചിരുന്നു

ന്യൂഡെല്ഹി
ഫെബ്രുവരി 04, 2016